(ഡി) താലൂക്ക് തലത്തിൽ ആഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നടപ്പാക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

42 [3050] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വെള്ളനാതുരുത്ത് പ്രദേശത്തെ അതിരൂക്ഷമായ കടലാക്രമണം തടയുന്നതിന് വെൽഫയർഫണ്ട് ബോർഡ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഏതു വർഷത്തെ ആക്ഷൻ പ്ലാനാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തുക വിനിയോഗിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഏതെല്ലാം പഞ്ചായത്തുകൾ എത്ര ശതമാനം വീതം തുകയാണ് വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു. ആലപ്പാട് പഞ്ചായത്ത് മാത്രമേ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ളു.

1. ആലപ്പാട് പഞ്ചായത്ത് ഫിഷറീസ് ബോയ്സ് സ്കൂൾ, ആലപ്പാടിന് 2,71,000 രൂപ ചെലവാക്കി ആഡിറ്റോറിയം നിർമ്മിച്ചു.

2. അഴീക്കൽ പി. എച്ച്. സെന്ററിലെ ഡോക്ടർമാർക്ക് താമസിക്കുന്നതിന് 2,50,000 രൂപ മുടക്കി ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു.

3. ആലപ്പാട് വാർഡ് 1-ൽ ചന്ദ്രൻ മുക്കു മുതൽ കായൽ തീരം വരെ 2,07,500 രൂപ മുടക്കി റോഡ് നിർമ്മിച്ചു.

4. ഗവ: ഹൈസ്കൂൾ ചെറിയഴീക്കലിന് 3,00,000 രൂപ ചെലവാക്കി മിനിസ്റ്റേഡിയം നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. പൂക്കോട് ക്ഷേത്രം മുതൽ പാളത്തിൽ കടവ് ക്ഷേത്രം വരെ 4.5 ലക്ഷം മുടക്കി റോഡ് മെറ്റലിട്ട് ടാർ ചെയ്തു.

6. മെയിൻ റോഡു മുതൽ കാവിൽ കടവു വരെ 3.75 ലക്ഷം രൂപ മുടക്കി റോഡ് നവീകരണം നടത്തി.

7. പൊള്ളപ്പുറം വിമലാസ് പ്ലോട്ട് മുതൽ കടത്തം കടവ് വരെ 3.5 ലക്ഷം രൂപ മുടക്കി റോഡ് നിർമ്മിച്ചു.

8. ചെറിയഴിക്കൽ എൽ. വി. എസ്. മുതൽ ആലിൻ കടവ് വരെ 2.5 ലക്ഷം രൂപ മുടക്കി റോഡ് നിർമ്മിച്ചു.

9. എം. സി. എച്ച്. സെന്റർ വെള്ളനാത്തുരുത്തിൽ 4,99,990 രൂപ മുടക്കി കെട്ടിടം നിർമ്മിച്ചു (പ്രോജക്ട്-1).

10. എം. സി. എച്ച്. സെന്റർ വെള്ളനാത്തുരുത്തിൽ 4,99,990 രൂപ മുടക്കി കെട്ടിടം നിർമ്മിച്ചു (പ്രോജക്ട്-2).

11. വെള്ളനാത്തുരുത്തിൽ ട്യൂബ് വെൽ നിർമ്മിച്ചു. ചിലവ്-1,96,031 രൂപ.

(ബി) ഇല്ല.

(സി) 2003-2004.

(ഡി) കൊല്ലം ജില്ലാ കളക്ടർ ചെയർമാനായ ബോർഡ് യോഗം ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനനുസരിച്ച് തുക വിനിയോഗിക്കുന്നു.

(ഇ) നീണ്ടകര .. 25%
ചവറ .. 25%
പന്മന .. 25%
ആലപ്പാട് .. 25%

മംഗലപുരം പ്രദേശത്തെ കളിമൺ ഖനനം

43 [3051] ശ്രീ. എ. പി. അനിൽകുമാർ:
„ ലൂഡി ലൂയീസ്:
„ തമ്പാനൂർ രവി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പ്രദേശത്തു കളിമൺഖനനം നടത്തുന്നതുകൊണ്ടു എത്ര കിണറുകളിൽ വെള്ളമില്ലാതായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly